(ബി) നഷ്ടപരിഹാരമായി സർക്കാരിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) 1999-ലുണ്ടായ വേനൽമഴയിലും, കാലവർഷക്കെടുതിയിലുമായി കണ്ണൂർ ജില്ലയിൽ 596.00 ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

(ബി,സി,ഡി&ഇ) പ്രകൃതിക്ഷോഭ ദുരിതാശ്വാസം നൽകുന്നതിനുള്ള ഫണ്ട് റവന്യൂ വകുപ്പിൽ നിന്നും ജില്ലാകളക്ടർ മുഖേനയാണ് കൃഷിവകുപ്പിന് ലഭിക്കുന്നത്. തുക ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

ബേഡഡുക്ക പഞ്ചായത്തിലെ നെൽകൃഷി നാശം

147 (1202) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദുമ നിയോജകമണ്ഡലത്തിലെ ബേഡഡുക്ക പഞ്ചായത്തിലെ കോട്ടവയൽ, ബേഡകം, തേളായി എന്നീ പ്രദേശങ്ങളിൽ വ്യാപകമായി രോഗം ബാധിച്ച് നെൽകൃഷി നശിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നീലവണ്ടിന്റെ ആക്രമണവും ഒരു കുമിൾരോഗവും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം അറിഞ്ഞ ഉടൻതന്നെ ജില്ലാ കീടനിരീക്ഷണ സംഘം അന്വേഷണം നടത്തിയിട്ടുണ്ട്. പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്തു.

(സി&ഡി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly